TUESDAY 18/11/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/11/2025

1. 2025 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ഉപന്യാസ രചന (മലയാളം/ ഇംഗ്ലീഷ്), കാർഷിക ക്വിസ് മത്സരങ്ങൾ നവംബർ 27ന് തിരുവനന്തപുരം പാറോട്ടുകോണത്തെ സംസ്ഥാന സോയിൽ മ്യൂസിയത്തിൽ വച്ച് സംഘടിപ്പിക്കും.. താല്പര്യമുള്ള വിദ്യാർഥികൾ നവംബർ 22 ന്, വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷിക്കേണ്ടതാണ്. ഇ-മെയിൽ (worldsoildaykerala2025@gmail.com)/ ഫോൺ: 0471 2541776/9544727095/7025802695 മുഖേന രജിസ്റ്റർ ചെയ്യണം.

2. റബ്ബർബോർഡിന്റെ പ്രകൃതിദത്തറബ്ബർ ഓൺലൈൻ ട്രേഡിങ് പ്ലാറ്റ്ഫോമായ എം റൂബ് (mRube) വഴി കൂടുതൽ റബ്ബർവ്യാപാരം നടത്തുന്നവർക്കായുള്ള 2025ലെ എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡുകൾ പ്രഖ്യാപിച്ചു. 2025 നവംബർ 19ന് അഗർതലയിൽ വെച്ച് ത്രിപുര മുഖ്യമന്ത്രി പ്രൊഫസർ ഡോ. മണിക് സാഹ അവാർഡുകൾ വിതരണം ചെയ്യും. എം റൂബ് പ്ലാറ്റ്ഫോമിലൂടെയുള്ള വ്യാപാരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബർവിപണനവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിൽ ഉൾപെടുന്നവർക്കായി ഏർപെടുത്തിയിട്ടുള്ള ഈ അവാർഡ് 50,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"ആട് വളർത്തൽ- ശാസ്ത്രീയ പരിപാലന രീതികൾ"** എന്ന വിഷയത്തിൽ 2025 നവംബർ 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPI id – kvkthrissur.527@sbi). താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നവംബർ 21, 22 തീയതികളിൽ രാവിലെ 10.15 മുതൽ വൈകീട്ട് അഞ്ച് മണി വരെ **"ആട് വളർത്തലിൽ"** പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നവംബർ 20 ന് വൈകീട്ട് നാല് മണിക്കകം

പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്കാണ് പ്രവേശനം. ഫോൺ: 0497 2763473.

5. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"ശാസ്ത്രീയമായ പശു പരിപാലനം പരിശീലനം"** എന്ന വിഷയത്തെ ആസ്പദമാക്കി നവംബർ മാസം 25 മുതൽ 29 വരെ അഞ്ച് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496267464, 04734299869, 8304948553 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം അയക്കുകയോ ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ട്സ് പ്രൊഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റി കൂൺപുരയുടെ നേതൃത്വത്തിൽ **കൂൺ കൃഷി പരിശീലനം** സംഘടിപ്പിക്കും. ഈ മാസം 26 ന് രാവിലെ പത്ത് മുതൽ കൈമനം കൂൺപുരയിലാണ് സൗജന്യ പരിശീലനം. ഗ്രൂപ്പുകൾക്കും സംഘടനകൾക്കും അവരവരുടെ സ്ഥലത്ത്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വെച്ച് പരിശീലനം നൽകുന്നതിനൊപ്പം കൃഷിക്ക് ആവശ്യമായ വിത്തും മറ്റ് സാധനങ്ങളും എത്തിച്ചു നൽകും. കൂടാതെ കർഷകരിൽ നിന്നും കൂൺ വിലക്കെടുക്കുകയും ചെയ്യും. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 9847328975.

7. റബ്ബർ ബോർഡിന്റെ നിയന്ത്രണത്തിൽ പനിക്കുട് റബ്ബർ ഉത്പാദക സംഘത്തിന്റെ സഹകരണത്തോടുകൂടി ഡിസംബർ 4 മുതൽ 8 വരെ **ഹ്രസ്വകാല ശാസ്ത്രീയ റബ്ബർ ടാപ്പിംഗ്** പരിശീലനം നൽകുമെന്ന് റബ്ബർ ബോർഡ് അറിയിച്ചു. താല്പര്യമുള്ളവർ 25 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 8547748205, 9188597205.

8. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **ശുദ്ധജല മത്സ്യകൃഷി (വരാൽ, തിലോപ്പിയ),** എന്ന വിഷയത്തിൽ ഇന്ന് (18.11.2025 ) പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8547070773. പരിശീലനഫീസ് ₹550/- രൂപ.

9. വയനാട് സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ലവേഴ്സിന്റെ ആഭിമുഖ്യത്തിൽ **ഹൈഡ്രോപോണിക്സ് കൃഷി** എന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിഷയത്തിൽ ഈമാസം 19, 20 തീയതികളിൽ ക്ലാസുകൾ നടത്തുന്നതാണ്. പരിശീലന ഫീസ് 2500 രൂപ (താമസം ഭക്ഷണച്ചിലവുകളടക്കം). കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 7558038632.

**10. കാർഷിക നിർദേശം**

കാബേജ്, കോളിഫ്ളവർ തൈകൾക്ക് വളം ചെയ്യേണ്ട സമയമാണ്. ഒരു സെന്റിന് ഒന്നേകാൽ കിലേഗ്രാം യൂറിയ, എണ്ണൂറ് ഗ്രാം പൊട്ടാഷ് എന്ന തോതിൽ കലർത്തി ചെടിയൊന്നിന് 15-20 ഗ്രാം നൽകണം. കൂടാതെ ഇലതീനിപ്പുഴുക്കൾ വരാതിരിക്കാനുള്ള മുൻകരുതലായി ബ്യുവേറിയ എന്ന കുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചു കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം